വല്ല സംവിധാനവും ഒരുക്കിയിട്ടുണ്ടോ? നമ്മുടെ വിജിലൻസ് സംവിധാനം ആ കാര്യത്തിൽ പ്രയോജനപ്പെടുത്തുവാൻ എന്തെങ്കിലും നിർദ്ദേശം ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ അത് പരിഗണിക്കുമോ?

ശ്രീ. വക്കം പുരുഷോത്തമൻ : സർ, ചെക്ക് പോസ്റ്റുകളിൽ പ്രശ്നങ്ങൾ ഉണ്ട്, ഞാൻ സമ്മതിക്കുന്നു. ആ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ നമ്മൾ സ്വീകരിച്ചുവരികയാണ്. കഴിഞ്ഞവർഷം 89 കോടി രൂപയായിരുന്നു ചെക്ക്പോസ്റ്റുകളിൽനിന്ന് കിട്ടിയത്. ഇത് ജനുവരിവരെ നമ്മൾ കണക്കാക്കി നോക്കിയപ്പോൾ തന്നെ 115 കോടി രൂപയായി കിട്ടിയിട്ടുണ്ട്. അപ്പോൾ കഴിഞ്ഞ കൊല്ലം ജനുവരിയിലെ കളക്ഷനുമായി താരതമ്യപ്പെടുത്തി നോക്കുകയാണെങ്കിൽ 58 ശതമാനം വർദ്ധനവാണ്. അത് കുറേ നമ്മൾ കർശനമായി തടയുന്നു എന്നതിന്റെ റിസൾട്ടാണ് ജനുവരിയിൽ ഉള്ളതിൽത്തന്നെ ഏതാണ്ട് 58 ശതമാനം വർദ്ധനവുണ്ടായത്. അതുകൊണ്ട് കുറേ നടപടികൾ നമ്മൾ സ്വീകരിച്ചുകഴിഞ്ഞു. പക്ഷേ കൂടുതൽ നടപടികൾ സ്വീകരിക്കണം. നമ്മളെപ്പോലെ അല്ലെങ്കിൽ നമ്മളെക്കാൾ ബുദ്ധിമാൻമാരാണ് ഈ കള്ളക്കടത്ത് എങ്ങനെ നടത്തണം എന്നുള്ള കാര്യത്തിൽ അവർ. അത് തടയുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അതാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത്. പാലക്കാട് ചെക്ക്പോസ്റ്റാണ് നമ്മുടെ മെയിൻ വരുമാനം ഈ നിയമസഭാ സമ്മേളനം കഴിഞ്ഞതിനുശേഷം പാലക്കാട് പോയി അവിടെ ഇന്നുള്ള സിസ്റ്റത്തിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്താൻ കഴിയും എന്ന് പരിശോധിച്ച് അത് നടപ്പിലാക്കുന്നതാണ്.

ശ്രീ. സ്റ്റീഫൻ ജോർജ് : സർ, ഇവിടെ സൂചിപ്പിച്ചതുപോലെ വ്യാപാരി വ്യവസായികളുടെയും കൃഷിക്കാരുടെയും എതിർപ്പ് പ്രമാണിച്ച് ഇൻഡ്യയിൽ കേരളം ഒഴികെ മറ്റെല്ലാ സംസ്ഥാനങ്ങളിലും 'വാറ്റ്' നടപ്പാക്കിയാൽ മാത്രമേ കേരളത്തിൽ നടപ്പാക്കൂ എന്ന് തീരുമാനിക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. വക്കം പുരുഷോത്തമൻ : സർ, ഇല്ല, കമിറ്റ്മെന്റ് പറഞ്ഞതുപോലെ ചെയ്യുക. ഭൂരിപക്ഷം സംസ്ഥാനങ്ങളിലും നടപ്പിലാക്കിയില്ല എങ്കിൽ നമ്മളും മാറ്റിവയ്ക്കും. എന്നാലും നടപ്പിലാക്കില്ല എന്ന് ഞാൻ പറയില്ല. അങ്ങനെയാണെങ്കിൽ മാറ്റിവയ്ക്കും. അതല്ലാതെ എല്ലാ സംസ്ഥാനങ്ങളിലും നടപ്പിലാക്കിയാലേ കേരളത്തിൽ നടപ്പിലാക്കൂ എന്ന് ഒരു നിലപാടെടുക്കാൻ സാദ്ധ്യമല്ല.

ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരം

2 (*537) ശ്രീ. എ. എ. അസീസ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരം നൽകുന്നകാര്യം പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമവികസനവും നഗരസ്വയംഭരണ

~~തദ്ദേശ സ്വയംഭരണ~~ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ) : സർ,

(എ) ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരങ്ങൾ നൽകുന്ന കാര്യം പരിഗണനയിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എ. എ. അസീസ് : സർ, ഇപ്പോൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് യാതൊരു അധികാരവും ഇല്ല. കേരള വികസന പദ്ധതി ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കുന്നതിന് മോണിറ്ററിംഗ് മാത്രമാണുള്ളത്. ഫ്ളഡ് റിലീഫ് ഫണ്ട് വഴി നടപ്പിലാക്കുന്ന പദ്ധതി പ്രവർത്തനങ്ങളെ സംബന്ധിച്ചും എം.എൽ.എ.-മാർ വഴി നടത്തുന്ന പദ്ധതി പ്രവർത്തനങ്ങളെ സംബന്ധിച്ചും ഉള്ള മോണിറ്ററിംഗും ബ്ലോക്ക് പഞ്ചായത്തിനില്ല. എന്റെ ചോദ്യംതന്നെ അച്ചടിച്ചുവന്നത് ഗ്രാമ വികസന വകുപ്പുമന്ത്രി മറുപടി പറയും എന്നായിരുന്നു. ഇപ്പോൾ ഏതു വകുപ്പിന്റെ കീഴിലാണെന്നുതന്നെ അറിയാൻ പാടില്ല. ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയാണ് മറുപടി പറഞ്ഞത്. ഫ്ളഡ് റിലീഫ് ഫണ്ടിനെ സംബന്ധിച്ച് അതിന്റെ മോണിറ്ററിംഗ് സമ്പ്രദായം, അതുപോലെ എം.എൽ.എ.-മാർ വഴിയുള്ള മോണിറ്ററിംഗ് സംവിധാനവും ബ്ലോക്ക് പഞ്ചായത്തു വഴി നടത്തുന്നതിന് തയ്യാറാകുമോ

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, ബഹുമാനപ്പെട്ട അസീസ് ഇവിടെ പറഞ്ഞതുപോലെ അധികാരം ഇല്ലെന്നു പറയുന്നത് ശരിയല്ല. അധികാരങ്ങൾ ഉണ്ട്. ധാരാളം അധികാരങ്ങൾ കൊടുത്തിട്ടുണ്ട്. പക്ഷേ അവർക്ക് ഓൺ ഫണ്ട് ഇല്ലാത്ത ഒരു പ്രോബ്ലം ഉണ്ട്. അതിന് മറുപടി പറയുന്ന സമയത്ത് ഈ അധികാരങ്ങൾ എന്തൊക്കെയാണെന്ന കാര്യത്തെ സംബന്ധിച്ച് ഞാൻ വിശദമായി പറയുന്നില്ല. നിയമത്തിന്റെ നാലാം പട്ടികയിൽ വിശദീകരിച്ചിട്ടുള്ള വിധത്തിൽ അധികാരങ്ങൾ രണ്ട് കാറ്റഗറിയാണ്. ഒന്ന് പൊതുവായിട്ടുള്ള അധികാരങ്ങൾ. അത് അദ്ദേഹം പറഞ്ഞതുപോലെ പല പഞ്ചായത്തിന്റെ അടക്കമുള്ള പദ്ധതികൾക്ക് സാങ്കേതികമായിട്ടുള്ള വൈദഗ്ദ്ധ്യം നൽകുന്നതിനുള്ള പൊതുവായ അധികാരമുണ്ട്. ആ പൊതുവായ അധികാരം കഴിഞ്ഞാൽ പിന്നെ മേജർ അടിസ്ഥാനത്തിലുള്ള അധികാരം ഉണ്ട്. ആ മേജർ അടിസ്ഥാനത്തിലുള്ള അധികാരം എല്ലാ കാറ്റഗറിയിലും ഉണ്ട്. കൃഷി, മൃഗസംരക്ഷണം, ചെറുകിട ജലസേചനം, മൽസ്യബന്ധനം, ചെറുകിട വ്യവസായങ്ങൾ, ഭവനനിർമ്മാണം, വിദ്യുച്ഛക്തി, ഊർജ്ജം, വിദ്യാഭ്യാസം, പൊതുമരാമത്ത്, ആരോഗ്യം, ശുചീകരണം, സാമൂഹ്യക്ഷേമം, ദാരിദ്ര്യ നിർമ്മാർജ്ജനം, പട്ടികജാതി/പട്ടികവർഗ്ഗ വികസനം, സഹകരണം എന്നീ മേഖലകളിൽ ഡിഫൈൻ ചെയ്യപ്പെട്ട അധികാരങ്ങൾ അവർക്കുണ്ട്. പ്രധാനമായും നമ്മുടെ നാട്ടിൽ അധികാരങ്ങൾ അത്രയും ത്രിതല പഞ്ചായത്തിൽ ഗ്രാമപഞ്ചായത്തുകൾക്കാണ് കൊടുത്തിട്ടുള്ളത് എന്നതുകൊണ്ടു തന്നെ ബ്ലോക്ക് പഞ്ചായത്തിന്റെ അധികാരങ്ങൾ താരതമ്യേന കുറവാണ്. എങ്കിൽപ്പോലും അവർക്ക് നിഷിപ്തമായിട്ടുള്ള അധികാരങ്ങൾ ഉണ്ട്. അതിനുപുറമേ കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ചുകൊണ്ടിരിക്കുന്ന ദാരിദ്ര്യ

LIBRARY ARCHIVES Kerala Legislative Assembly

നിർമ്മാർജ്ജന പരിപാടികൾ പലതും നടപ്പിലാക്കുന്നത് ബ്ലോക്കുകൾ മുഖേനയാണ്. അപ്പോൾ അധികാരങ്ങൾ ഉണ്ട്. അദ്ദേഹം ചൂണ്ടിക്കാണിച്ചതുപോലെ ഫ്ളഡിന്റെ ജോലിയും എം.എൽ.എ. ഫണ്ടിന്റെ ജോലിയും ബ്ലോക്ക് മുഖേന ചാനലൈസ് ചെയ്യാൻ പറ്റുമോ എന്ന കാര്യം അതിന്റെ സാങ്കേതികവശം കൂടി പരിശോധിച്ച ശേഷമേ പറയാൻ കഴിയൂ. അതിന്റെ സാങ്കേതികവശം കൂടി ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

<u>ശ്രീ. എ. എ. അസീസ്</u> : സർ, ത്രിതല പഞ്ചായത്ത് സംവിധാനം ഉണ്ടായതിനുശേഷം ആദ്യഘട്ടം എൽ.പി. സ്കൂളുകളുടെ ഭരണപരമായ ചുമതല ഗ്രാമപഞ്ചായത്തുകൾക്കും യു.പി. മുതൽ ഹയർ സെക്കന്ററി വിഭാഗംവരെ ജില്ലാ പഞ്ചായത്തുകൾക്കും ആയിരുന്നു. സെൻ കമ്മീഷൻ റിപ്പോർട്ട് വന്നതിന്റെ അടിസ്ഥാനത്തിൽ പിന്നീട് ഒരു ഉത്തരവുണ്ടായി. ആ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് എൽ.പി., യു.പി. സ്കൂളുകളുടെ ഭരണാധികാരവും, ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗത്തിന് ജില്ലാ പഞ്ചായത്തിന്റെ ഭരണാധികാരവും നൽകിയിട്ടുണ്ട്. എന്നാൽ എൽ.പി. സ്കൂളുകളുടെ ഭരണനിർവ്വഹണം ഗ്രാമപഞ്ചായത്തുകൾക്കും, യു.പി. സ്കൂളുകളുടെ ഭരണ നിർവ്വഹണം ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലാ ഹയർ സെക്കന്ററി വിഭാഗങ്ങളുടെ ജില്ലാ പഞ്ചായത്തുകൾക്കും അധികാരം കൊടുക്കുന്ന കാര്യം ആലോചിക്കുമോ ?

<u>ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ</u> : സർ, അത് പ്രായോഗികമല്ല, എൽ.പി., യു.പി. സ്കൂളുകളുടെ ഒരു ഘടന എന്നുപറയുന്നത് ഒരു അഡ്മിനിസ്ട്രേഷൻ ബോഡിയുടെ കീഴിൽത്തന്നെ വരേണ്ട ഒരു സംവിധാനമാണ്. പിന്നെ ശ്രീ. അസീസ് ചൂണ്ടിക്കാണിച്ചതുപോലെ എൽ.പി. ഗ്രാമപഞ്ചായത്തിനും, യു.പി. ബ്ലോക്ക് പഞ്ചായത്തിനും എന്നുപറയുന്നത് പ്രായോഗികമല്ല. അതിന്റെ ഭരണ സംവിധാനത്തിൽ വിഷമം ഉണ്ടാകും. ഇപ്പോൾ വിദ്യാഭ്യാസ മേഖലയിൽ ബ്ലോക്കിന് കൊടുത്തിട്ടുള്ള അധികാരം എന്നുപറയുന്നത് സർക്കാർ വ്യവസായ പരിശീലന സ്ഥാപനങ്ങളുടെ നടത്തിപ്പ് എന്നുള്ളതാണ്. അത് മാത്രമേ പ്രായോഗികമാകുകയുള്ളൂ. ഇന്നത്തെ വിജ്ഞാനം ശരിയാണെന്നാണ് പ്രവൃത്തിയിലൂടെ ബോദ്ധ്യപ്പെട്ടത്.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : സർ ബ്ലോക്ക് പഞ്ചായത്തുകൾ വഴി നൽകുന്ന വീടുകൾ നിർമ്മിക്കുന്നതിനും അതിന്റെ നടത്തിപ്പിനും ഒരു ഹൗസിംഗ് ആഫീസറുണ്ട്. പഞ്ചായത്തുകളിൽ ടോട്ടൽ സാനിട്ടേഷൻ നടപ്പിലാക്കുന്നതിന് ഒരു ആഫീസറെ നിയമിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

<u>ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ</u> : ഈ ഘട്ടത്തിൽ ഉദ്ദേശിക്കുന്നില്ല.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : ഇപ്പോൾ പല ബ്ലോക്ക് പഞ്ചായത്തുകളിലും എഞ്ചിനീയർമാരുടേയും ഓവർസിയർമാരുടേയും പല ഒഴിവുകളും നികത്താനുണ്ട്. ആ ഒഴിവുകൾ നികത്താത്തതുകൊണ്ട് പല പദ്ധതികളും നടപ്പിലാക്കാൻ പഞ്ചായത്തുകൾ തയ്യാറാകുന്നില്ല. അതുകൊണ്ട് ഈ തസ്തികകൾ ഉടനടി നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി മുഹമ്മദ് ബഷീർ : സർ, ഓരോ ബ്ലോക്ക് പഞ്ചായത്തിലേക്കും സെൻ കമ്മിഷൻ ശിപാർശയുടെ അടിസ്ഥാനത്തിൽ ഏതെല്ലാം വിധ ഉദ്യോഗസ്ഥൻമാരെയാണ് വിന്യസിക്കേണ്ടതെന്ന് ആക്ടിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അത് വളരെ ഡീറ്റെയിൽഡായിട്ടുള്ള നോട്ടാണ്. സമയ കുറവുള്ളതുകൊണ്ട് മുഴുവനും വായിക്കുന്നില്ല. ഇതു പ്രകാരം അലോട്ട് ചെയ്യുന്ന ഉദ്യോഗസ്ഥൻമാരിൽ ആരെങ്കിലും വേണ്ടത്ര അവരുടെ പ്ലെയ്സ്മെന്റിൽ വന്നിട്ടില്ലെങ്കിൽ അത് അടിയന്തരമായി അലോട്ട് ചെയ്യുന്നതിന് ആവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. എ. കെ. മണി : സർ, എന്റെ നിയോജക മണ്ഡലത്തിൽ അടിമാലി ബ്ലോക്കിൽ ടി കമ്പനി-കുരങ്ങുപാറ റോഡ്, 40 ഏക്കർ റോഡ് എന്നിവയ്ക്ക് 2001-2002-ൽ കോൺട്രാക്ട് എടുത്തെങ്കിലും ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. കോൺട്രാക്ടർ അഡ്വാൻസും വാങ്ങിക്കൊണ്ടുപോയി. ഈ കോൺട്രാക്ടറുടെ പേരിൽ നടപടി സ്വീകരിക്കുന്നതോടൊപ്പം ഈ റോഡുകളുടെ പണി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം നോട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യം ഇപ്പോഴാണ് എന്റെ ശ്രദ്ധയിൽപ്പെട്ടത്. ഇക്കാര്യം പരിശോധിച്ച് പണി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ഡോ. ടി. എം. തോമസ് ഐസക് : സർ, ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും ഈ വർഷം വകയിരുത്തിയിരിക്കുന്ന പദ്ധതി വിഹിതത്തിൽ 150 കോടി രൂപ നബാർഡിൽനിന്നുള്ള വായ്പയാണ്. പദ്ധതി ഗ്രാന്റായി സാധാരണഗതിയിൽ വായ്പ ഉൾപ്പെടുത്താറില്ല. ഇതിന്റെ പ്രശ്നം ഈ പ്രോജക്ടുകൾക്ക് ഡിപി.സി. അംഗീകാരം നൽകിയാൽ പോരാ, നബാർഡ് തന്നെ അംഗീകാരം നൽകണം. ഇതിൽ ഉണ്ടാകുന്ന കാലതാമസംമൂലം ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണം അവതാളത്തിലായിരിക്കുകയാണ്. അവിടെ ആസൂത്രണ പ്രക്രിയതന്നെ അട്ടിമറിക്കുന്ന രീതിയിൽ കാര്യങ്ങൾ എത്തിയിരിക്കുകയാണ്. ഇക്കാര്യം പുനഃപരിശോധിക്കുന്നതിന് സർക്കാർ തയ്യാറാകുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, ഗവൺമെന്റ് മാത്രം പരിശോധിച്ചിട്ട് കാര്യമില്ല. നബാർഡിന്റെ സ്കീമുകളുടെ അപ്രൂവൽ നബാർഡ് കൂടി നൽകിയെ പറ്റൂ. ആ സ്കീം അങ്ങനെയാണ്. അത് ടേക്കപ് ചെയ്യാൻ പറ്റിയ കാര്യമാണ്. ഗവൺമെന്റിന് ഒറ്റയ്ക്ക് നബാർഡിന്റെ സ്കീമിൽ അംഗീകാരം വേണ്ടായെന്ന് പറയാൻ പറ്റുകയില്ല. അവരുടെ അംഗീകാരം വേണമെന്നാണ് നിയമം. ഗവൺമെന്റ് അതിന്റെ പ്രായോഗികത നോക്കി വേണ്ടത് ചെയ്യാം.

ശ്രീ. എം. എ. വാഹിദ് : സർ, ബ്ലോക്ക് പഞ്ചായത്തുകൾക്ക് അംഗീകാരം ഇല്ലായെന്നാണ് ഇപ്പോൾ പറയുന്നത്. അതൊരു മോണിറ്ററിംഗ് ബോഡി പോലെയാണ് മോണിറ്ററിംഗ് ബോഡിക്ക് തെരഞ്ഞെടുക്കപ്പെട്ട സമിതി വേണമോ എന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുമോ? ഇൻഡയറക്ടായി പഞ്ചായത്ത് പ്രസിഡന്റുമാരും ജില്ലാ പഞ്ചായത്ത് മെമ്പർമാരും ഉൾക്കൊള്ളുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഒരു സമിതിയല്ലേ തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്ക് പഞ്ചായത്തിനേക്കാൾ ജില്ലാ പഞ്ചായത്തിനും ബ്ലോക്ക് പഞ്ചായത്തിനും കുറച്ചുകൂടി നല്ലത്; അതുകൊണ്ട് ജില്ലാ പഞ്ചായത്ത് മെമ്പർമാരേയും ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു കമ്മിറ്റിയായി ഇതിനെ രൂപപ്പെടുത്താൻ ആവശ്യമായ നിയമഭേദഗതി കൊണ്ടുവരാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ</u>: സർ, അധികാരങ്ങൾ തീരെയില്ലെന്ന് പറഞ്ഞുകൂടാ. 4-ാം പട്ടിക നോക്കിയാൽ ഇക്കാര്യം മനസ്സിലാക്കാൻ സാധിക്കും. താലൂക്ക് ആശുപത്രികൾ അടക്കം ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ ധാരാളം അധികാരങ്ങളുണ്ട്. ഈ അധികാരങ്ങൾ കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്ന ഒരു ബോഡി എന്നുള്ള നിലയ്ക്ക് ഒരു കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. ശരിക്കു പറഞ്ഞാൽ കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ സാഹചര്യങ്ങൾ വച്ചുനോക്കുന്ന സമയത്ത് ബ്ലോക്കു പഞ്ചായത്തുകളുടെ അനിവാര്യതയുണ്ടോയെന്ന് ചോദിച്ചാൽ ഒരു കണക്കിനു പറഞ്ഞാൽ അനിവാര്യത ഇല്ല. ശരിക്കു പറഞ്ഞാൽ ഇത് സ്ഥാപിച്ചു കൊടുക്കാവുന്നതേയുള്ളൂ. സെൻ കമ്മിറ്റിയും ഈ കാര്യം തന്നെയാണ് ശിപാർശ ചെയ്തിട്ടുള്ളത്. സെൻ കമ്മിറ്റിയുടെ ശിപാർശയിൽപ്പെട്ട പ്രധാനപ്പെട്ട കാര്യം, കേരളത്തിന്റെ സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്തുകൾ തന്നെ ആവശ്യമായി വരികയില്ല എന്നാണ്. പക്ഷേ ഭരണഘടനയിലെ 73-ാം ഭേദഗതി പ്രകാരം രാജ്യത്തുവന്ന ത്രിതല സംവിധാനത്തിന്റെ ഭാഗമായതുകൊണ്ട് നമുക്ക് ഇത് പ്രത്യക്ഷമായി വേണ്ടായെന്ന് വയ്ക്കാൻ പറ്റുകയില്ല. ഭരണഘടനാ ഭേദഗതികൊണ്ടു മാത്രമേ അത് സാധ്യമാകുകയുള്ളൂ. അതുകൊണ്ട് ഇന്നത്തെ സാഹചര്യത്തിൽ നമുക്ക് ഇത് വേണ്ടായെന്ന് വയ്ക്കാൻ പറ്റുകയില്ല. ബ്ലോക്ക് പഞ്ചായത്തുകൾക്ക് വിവിധ സെക്ടറുകളിലായി ധാരാളം അധികാരങ്ങളുണ്ട്. അത് തെരഞ്ഞെടുക്കപ്പെട്ട ബോഡിതന്നെ കൈകാര്യം ചെയ്യണമെ അധികാരങ്ങളാണ്. അതൊരു മോണിറ്ററിംഗ് ബോഡിയാക്കുക എന്നുള്ളത് ജനാധിപത്യ സംവിധാനത്തിൽ അധികാര വികേന്ദ്രീകരണത്തിലേയ്ക്ക് നല്ല ചുവടുവയ്പ് നടത്തിയ സംസ്ഥാനമെന്നുള്ള നിലയ്ക്ക്, അധികാര വികേന്ദ്രീകരണത്തിന്റെ അന്തസ്സത്തക്ക് കടകവിരുദ്ധമാകുമെന്നുള്ളതുകൊണ്ട് ആ നിർദ്ദേശം സ്വീകരിക്കാൻ നിവൃത്തിയില്ല.

<u>ശ്രീ. എ. സി. ഷൺമുഖദാസ്</u>: സർ, ഗ്രാമ വികസന വകുപ്പ് നിർദ്ദേശിക്കുന്ന എട്ടോളം കേന്ദ്ര പദ്ധതികളുണ്ട്. എന്നാൽ ഇത് ബ്ലോക്കിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്. തുടർന്നുള്ള മെയിന്റനൻസിന് ആവശ്യമായ ഓൺ ഫണ്ടുമില്ല, വരുമാന മാർഗ്ഗവുമില്ല. അങ്ങനെ വന്നാൽ ഇന്ന് ചെലവഴിക്കുന്ന കോടിക്കണക്കിന് രൂപയുടെ അസറ്റിന് നാഥനില്ലാതെ വരികയില്ലേ? അത് മാറാതിരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഓൺ ഫണ്ട് ഉണ്ടാക്കാൻ അല്ലെങ്കിൽ മെയിന്റനൻസിന് ആവശ്യമായ ഗ്രാന്റ് കൊടുക്കുന്ന കാര്യം ആലോചിക്കുമോ; ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും എന്നതാണ് ബ്ലോക്ക് പഞ്ചായത്തുകളുടെ സ്ഥിതി. ഭരണഘടനാപരമായി നിക്ഷിപ്തമായ ഈ അധികാരം കൂടുതൽ പ്രവൃത്തിപഥത്തിലേയ്ക്ക് കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടി കാണിച്ചതുപോലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ മുഖേന രൂപീകരിക്കുന്ന അസ്സറ്റ് പലതുമുണ്ട്. ഉദാഹരണമായി സമ്പൂർണ്ണ ഗ്രാമ റോസ്ഗാർ യോജന, ഇന്ദിരാ ആവാസ് യോജന, സർണ്ണ ജയന്തി സ്വറോസ്ഗാർ യോജന എന്നിത്യാദി പദ്ധതികൾ മുഖേന രൂപീകരിക്കുന്ന അസ്സറ്റുണ്ട്. അവയുടെ മെയിന്റനൻസ് സംബന്ധിച്ച് വ്യക്തമായ സംവിധാനമില്ലെങ്കിൽ അതെല്ലാംതന്നെ കാലക്രമത്തിൽ പരിപാലിക്കാൻ കഴിയാതെപോകും. മെയിന്റനൻസ് ഗ്രാന്റിനെ സംബന്ധിച്ച് പറയുമ്പോൾ, ബ്ളോക്കുകൾക്ക് 21.81 കോടി രൂപ മെയിന്റനൻസ് ഗ്രാന്റായി നൽകിയിട്ടുണ്ട്. ഇവിടെ പറഞ്ഞ കാര്യത്തിൽ മറ്റൊരു പ്രായോഗികവശംകൂടി ആലോചിക്കാവുന്നതാണ്.

ശ്രീ. തമ്പാനൂർ രവി : സർ, ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ സെൻ കമ്മിറ്റി റിപ്പോർട്ടിൽ ബ്ളോക്ക് പഞ്ചായത്തുകൾ വേണ്ടായെന്നാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. കേരളത്തിന്റെ സാഹചര്യം വച്ചുനോക്കുകയാണെങ്കിൽ ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം സ്ട്രെംഗ്തെൻ ചെയ്യണം. ഇവിടത്തെ ഭൂമിശാസ്ത്രപരമായ ഘടനവച്ചുകൊണ്ട് ബ്ളോക്ക് പഞ്ചായത്ത് വേണ്ടായെന്ന് പറയുന്നു. അതിന് ഭരണഘടനാ ഭേദഗതി വേണം. കേരളത്തിന്റെ രാഷ്ട്രീയ പാർട്ടികളെ വിളിച്ചു പേർത്ത് ഒരു സമന്വയം ഉണ്ടാക്കി. ഒരു ചർച്ച നടത്തി എല്ലാപേരുടേയും ആവശ്യമായ കേരളത്തിലെ ഗ്രാമപഞ്ചായത്ത് സ്ട്രെംഗ്തെൻ ചെയ്യുകയും ബ്ളോക്ക് പഞ്ചായത്തുകൾ ആവശ്യമില്ലെന്ന കാര്യം കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തി ഭരണഘടനാ ഭേദഗതിക്കുള്ള ചർച്ച ആരംഭിക്കാനും ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, ഇത് പ്രായോഗികമായ നിർദ്ദേശമാണ്. സെൻ കമ്മിറ്റിയും ഇക്കാര്യം വ്യക്തമായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. സെൻ കമ്മീഷന്റെ ശുപാർശ ഇപ്രകാരമാണ്:..... "that the Block Panchayat should be dispensed within the State like Kerala. Of course it require amendment to the Constitution and the matter may be taken up with the Central Government". ഈ ശുപാർശയുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ കേരളത്തിലെ രാഷ്ട്രീയ പാർട്ടികളുമായി സംസാരിച്ച് ഈ കാര്യത്തിൽ പൊതു ധാരണയുണ്ടാക്കി കേന്ദ്ര ഗവൺമെന്റിലേയ്ക്കും തുടർന്ന് ഭരണഘടനാ ഭേദഗതിയിലേയ്ക്കും നീങ്ങാൻ പറ്റുമോയെന്നുള്ള കാര്യം ഗവൺമെന്റ് തീർച്ചയായും പരിശോധിക്കുന്നതാണ്.

ശ്രീ. പി. എസ്. സുപാൽ: സർ, ബ്ളോക്ക് പഞ്ചായത്ത് സമിതി ത്രിതല പഞ്ചായത്ത് സംവിധാനത്തിന്റെ ഭാഗമാണ്. പക്ഷേ ബ്ളോക്കിലെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥൻമാരെല്ലാംതന്നെ ഗ്രാമ വികസന വകുപ്പിന്റെ പരിധിയിലാണ്. ഇപ്പോൾ ബി.ഡി.ഒ., ബി.ഒ., ജെ. ഇ.ഒ., അതുപോലെ ഐ.ആർ.ഡി. ആഫീസർ തുടങ്ങിയ എല്ലാ ആഫീസർമാരും ഗ്രാമ വികസന വകുപ്പിന്റെ പരിധിയിൽ വരുന്നവരാണ്. അതുകൊണ്ട് ഒരു ഏകോപനമുണ്ടാകുന്നില്ല. പല ബ്ളോക്ക് പഞ്ചായത്തിലും ഇതിന്റെ പേരിൽ പല തർക്കങ്ങളും നടക്കുന്നുണ്ട്. ജീപ്പ് ഉപയോഗിക്കുന്ന കാര്യത്തിൽപ്പോലും തർക്കങ്ങൾ ഉണ്ടാകുന്നുണ്ട്.

അതിനാൽ ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രവർത്തനം സുഗമമായി മുന്നോട്ടു പോകുന്ന സാഹചര്യമില്ല. അതുകൊണ്ട് ഇക്കാര്യത്തിൽ ഒരു ഏകോപനമുണ്ടാക്കാനുള്ള ശ്രമങ്ങൾ ഉണ്ടാകുമോ; ഉദ്യോഗസ്ഥൻമാരെയടക്കം ഇത് പൂർണ്ണമായും ബ്ലോക്ക് പഞ്ചായത്ത് സമിതിയുടെ കീഴിലാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, ഇപ്പോൾ റൂറൽ ഡവലപ്മെന്റ് ചെയ്യുന്ന വർക്കും ബ്ലോക്ക് ചെയ്യുന്ന വർക്കും പരസ്പരം ബന്ധപ്പെട്ട് കിടക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. റൂറൽ ഡവലപ്മെന്റ് ഡിപ്പാർട്ടുമെന്റും ബ്ലോക്കും തമ്മിലുള്ള കോ-ഓർഡിനേഷൻ ബോഡി ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഈ കോ-ഓർഡിനേഷൻ ബോഡിയുടെ പ്രവർത്തനം സ്ട്രെംഗ്തെൻ ചെയ്യാൻ ആവശ്യമായ നടപടി സ്വീകരിക്കുകയാണ്.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സർ, വരൾച്ചാ ദുരിതാശ്വാസ പദ്ധതികൾ ഇംപ്ലിമെന്റ് ചെയ്യാൻ കളക്ടറേറ്റിൽനിന്ന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് കത്തുകൾ വരാറുണ്ട്. വിശേഷിച്ച് അധികം പണിയില്ലാത്ത ബ്ലോക്ക് പഞ്ചായത്തുകൾ ഈ അറിയിപ്പു കിട്ടുമ്പോൾ അമിതാവേശം കാണിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കാനുള്ള ഏർപ്പാടുകളുമായി മുന്നോട്ടുപോകുമ്പോൾ റോഡു പുനർനിർമ്മാണം പോലുള്ള ചെറുകിട വർക്കുകളിൽ നിർദ്ദിഷ്ട എം.പി., എം.എൽ.എ. എന്നിവരെ കൺസൾട്ട് ചെയ്യാതിരിക്കുന്നതു നിമിത്തം നിർദ്ദേശിക്കപ്പെട്ട വർക്കുകൾക്കു പകരം ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾക്ക് വിശേഷാൽ താല്പര്യമുള്ള അയൽപക്ക പ്രദേശങ്ങളിലെ വർക്കുകൾ നടത്തുന്നത് സാധാരണ സംഭവമാണ്. അതുകൊണ്ട് ഇത്തരം വർക്കുകളിൽ ഇംപ്ലിമെന്റിംഗ് ഏജൻസിയായ ബ്ലോക്ക് പഞ്ചായത്തിന് നിർദ്ദേശം കിട്ടുമ്പോൾ വർക്ക് നിർദ്ദേശിച്ച് ജനപ്രതിനിധിയോട് കൺസൾട്ട് ചെയ്തതിനുശേഷം മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കി അയയ്ക്കാവൂ എന്നുള്ള നിർദ്ദേശം നൽകുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, ജനപ്രതിനിധികൾ നിർദ്ദേശിക്കുന്ന വർക്കുകളുടെ ഇംപ്ലിമെന്റേഷൻ താമസം വരികയാണെങ്കിൽ അത് ഗൗരവമുള്ള കാര്യമാണ്. ജനപ്രതിനിധികൾ നിർദ്ദേശിച്ച വർക്കിന്റെ മോണിറ്ററിംഗുമായി ബന്ധപ്പെട്ട് ജനപ്രതിനിധികൾക്ക് അതാതു സമയത്ത് അത്തരം വർക്കിനെ സംബന്ധിച്ച് പ്രോഗ്രസ്സ് റിപ്പോർട്ട് അയയ്ക്കാൻ ആവശ്യമായ നിർദ്ദേശം ബ്ലോക്ക് പഞ്ചായത്തിന് കൊടുക്കുന്നതാണ്. അത് പ്രവൃത്തിപഥത്തിൽ വരുന്നതിന് സർക്കാർ മോണിറ്ററിംഗ് ചെയ്യുന്നതാണ്.

ശ്രീ. പിരപ്പൻകോട് മുരളി : സർ, വേണ്ടത്ര അധികാരവും സ്വാതന്ത്ര്യവും ഇല്ലാത്ത കേരളത്തിലെ ബ്ലോക്കു പഞ്ചായത്തുകൾ ഫലത്തിൽ വികസന പ്രവർത്തനങ്ങളെ ബ്ലോക്ക് ചെയ്യുന്ന ഏജൻസിയായി മാറുകയാണ്. അതുകൊണ്ട് ഈ അജഗളസ്തനം പോലെ അധികപ്പറ്റായ ഈ സ്ഥാപനം കേരളത്തിന്റെ പ്രത്യേക പശ്ചാത്തലത്തിൽ ബഹുമാനപ്പെട്ട ശ്രീ. തമ്പനൂർ രവിയും ശ്രീ. എം. എ. വാഹീദും പറഞ്ഞ അതേ ആശയമാണ് ഞാനും പറയുന്നത്. അത് ഒഴിവാക്കാനാവശ്യമായ പ്രത്യേക നടപടികൾ പുതിയ തെരഞ്ഞെടുപ്പ് അടുത്തു വരുന്ന ഘട്ടം ആയതുകൊണ്ട് അതിന് പ്രത്യേകമായ നടപടികൾ സ്വീകരിക്കുമോ എന്നാണ് എന്റെ ചോദ്യം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, കോൺസ്റ്റിറ്റ്യൂഷണൽ അമെന്റ്മെന്റ്സ് വേണ്ടിവരുന്ന പ്രശ്നമായതുകൊണ്ട് അടുത്ത തെരഞ്ഞെടുപ്പിന് മുമ്പ് ചെയ്യാൻ കഴിയുമോയെന്ന് ഈ ഘട്ടത്തിൽ പറയാൻ കഴിയില്ല. എങ്കിൽപ്പോലും ശ്രീ. രവിയുടെ ചോദ്യത്തിന് മറുപടി പറഞ്ഞതുപോലെ സെൻ കമ്മിറ്റി റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഇക്കാര്യത്തിൽ എല്ലാ രാഷ്ട്രീയ പാർട്ടികളുമായി സംസാരിച്ച് കേന്ദ്ര ഗവണ്മെന്റിൽ ഇക്കാര്യം ടേക്കപ് ചെയ്യാനാവശ്യമായ നടപടികൾ ഉടൻതന്നെ സ്വീകരിക്കുന്നതാണ്.

ശ്രീ. വർക്കല കഹാർ : സർ, വിദ്യാഭ്യാസ സ്ഥാപനങ്ങളും അതുപോലെ ചികിൽസാ സ്ഥാപനങ്ങളും എല്ലാം ബ്ലോക്കു പഞ്ചായത്തിന്റെ പരിധിയിലുണ്ട്. നേരത്തെ ഇവിടെ പറഞ്ഞതുപോലെ ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും എന്ന മട്ടിലുള്ള സംവിധാനങ്ങളുമുണ്ട്. അവയുടെ ദൗത്യം ശരിക്കും നിർവ്വഹിക്കാത്ത സ്ഥലങ്ങളിൽ എന്താണ് അതിന് പകരം ചെയ്യാൻ കഴിയുന്നത്?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, ബദൽ സംവിധാനമൊന്നും പറയുന്നതേയില്ല. ചെയ്യാത്ത ആളുകളെക്കൊണ്ട് അത് ചെയ്യിക്കുന്നതിനാവശ്യമായിട്ടുള്ള നടപടികൾ ചെയ്യുമെന്ന് മാത്രമേ പറയാനുള്ളൂ. എവിടെയെങ്കിലും അലക്ഷ്യമുണ്ടെങ്കിൽ അത് നോക്കി ആവശ്യമായി നടപടികൾ സ്വീകരിക്കുന്നതാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ലോകബാങ്ക് സഹായത്തോടുകൂടി സംസ്ഥാനത്ത് നടപ്പാക്കുന്ന ജലസേചന പദ്ധതികളുടെ പ്രവർത്തനം

3 (*538) ശ്രീ. ടി. പി. രാമകൃഷ്ണൻ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്ക് സഹായത്തോടുകൂടി സംസ്ഥാനത്ത് നടപ്പാക്കുന്ന ജലസേചന പദ്ധതികളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(സി) പദ്ധതികളുടെ പ്രവർത്തനങ്ങളിൽ വീഴ്ചകൾ സംഭവിച്ചിട്ടുള്ളതായി സർക്കാർ വിലയിരുത്തുകയുണ്ടായോ ;

(ഡി) പുതുതായി ഏതെല്ലാം ജലപദ്ധതികൾക്ക് വേണ്ടിയാണ് ലോകബാങ്ക് സഹായം തേടുവാൻ ആലോചിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly